## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 21.11.2019 ൽ മറുപടിക്ക്

ചോദ്യം നം. 6636

## മത്സ്യബന്ധനമേഖലയിൽ വകുപ്പിന്റെ അനിവാര്യ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധന മേഖലക്ക് ഭീഷണിയാവുന്ന യന്ത്രവൽകൃത ട്രോളിംഗ് ബോട്ടുകളുടെയും റിംഗ് സിൽ വള്ളങ്ങളുടെയും അമിതമായ കടന്നുവരവ്, ചെറുമത്സ്യങ്ങളെപ്പോലും കോരിയെടുക്കുന്ന കൊല്ലിവലകൾ എന്നിവയെ നിയന്ത്രിക്കുവാൻ വകുപ്പ് എന്തെല്ലാം നടപടികളാണ് എടുത്തിരിക്കുന്നത്; വിശദമാക്കാമോ; | (എ) | കേരള സമുദ്രതീരത്തുനിന്നും 12 നോട്ടിക്കൽ പ്രദേശത്തിനുള്ളിൽ 20 മീറ്ററിൽ അധികം നീളവും 250 HP യിൽ അധികം എഞ്ചിൻ ക്ഷമതയുമുള്ള മത്സ്യബന്ധനയാനം ഉപയോഗിച്ചുള്ള മത്സ്യബന്ധനം KMFR ആക്ട് പ്രകാരം നിരോധിച്ചിട്ടുണ്ട്. പുതിയ മെക്കനൈസ്ഡ് ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനത്തിന് ലൈസൻസ് അനുവദിക്കുന്നതല്ല. ഇതേ ചട്ടപ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്നും 30 മീറ്റർ ആഴപരിധിക്കും പറവൂർ പൊഴിക്കര മുതൽ ബെഗാര മഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴപരിധിയിലും ഇടയിലുള്ള ഏത് നിർദ്ദിഷ്ട സമുദ്ര ഭാഗ ത്തും മത്സ്യബന്ധനം നടത്തുന്നതിനും യന്ത്ര വല്കൃത യാനങ്ങളെ നിരോധിച്ചിട്ടുണ്ട്.<br>അടക്കം കൊല്ലി ഗണത്തിൽ ഉൾപ്പെടുന്ന പഴ്സീൻ വല കേരള സംസ്ഥാനത്തിന്റെ അധികാര പരിധി യിൽ ഉപയോഗിക്കുന്നത് പൂർണ്ണ മായും നിരോധിച്ചിട്ടുണ്ട്. എന്നാൽ റിംഗ് സീൻ ഉൾപ്പെടെയുള്ള വലകളുടെ കാര്യത്തിൽ ചെറുമത്സ്യങ്ങൾ പിടിച്ചെടു ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കുറഞ്ഞ കണ്ണിവലിപ്പം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പെലാജിക് ട്രോൾ, മിഡ് വാട്ടർട്രോൾ, ബുൾ ട്രോൾ അല്ലെങ്കിൽ പെയർ ട്രോൾ തുടങ്ങിയ അശാസ്ത്രീയ മത്സ്യബന്ധന രീതികളും നിരോധിച്ചിട്ടു ണ്ട്. പുതിയ KMFR റൂൾ പ്രകാരം പ്രധാനപ്പെട്ട മത്സ്യബന്ധന വലകളുടെ ആകെ വലിപ്പവും, കുറഞ്ഞ കണ്ണി |

| | | | |
|---|---|---|---|
| | | | വലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കി വരുന്നു. പ്രസ്തുത നിയന്ത്രണങ്ങൾ പ്രായോഗികമായി നടപ്പിലാക്കപ്പെടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഓഖി ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കയ്പമംഗലം മണ്ഡലത്തിലെ കുടുംബങ്ങൾക്ക് നാളിതുവരെയായി ഭൂമിയോ, വീടോ ലഭിച്ചിട്ടില്ലാത്തതിനാൽ ഇവർക്ക് വീടും സ്ഥലവും ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഓഖി ദുരന്തത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട കയ്പമംഗലം മണ്ഡലത്തിലെ 19 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 16 പേർക്ക് സ്ഥലം വാങ്ങി വീടു വച്ച് നൽകി. 2 പേർക്ക് സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു. ഒരാളുടെ സ്ഥലവില നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ